1547

# കേരള സർക്കാർ

## സംഗ്രഹം

സ്റ്റോർസ് പർച്ചേസ് വകുപ്പ് - കുടുംബശ്രീ - കുടുംബശ്രീയുടെ കീഴിലുള്ള വിവിധ അപ്പാരൽ/ചെറുകിട യൂണിറ്റുകൾക്ക് മറ്റു സ്ഥാപനങ്ങളിൽ നിന്നും തയ്യൽ സംബന്ധമായ വർക്കുകൾ ടെണ്ടർ നടപടികൾ കൂടാതെ നേരിട്ട് ലഭ്യമാക്കുന്നതിന് സ്റ്റോർസ് പർച്ചേസ് വ്യവസ്ഥകളിൽ ഇളവ് വരുത്തി അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

സ്റ്റോർസ് പർച്ചേസ് (എ) വകുപ്പ്

സ.ഉ.(സാധാ)നം.07/2017/എസ്.പി.ഡി. തീയതി, തിരുവനന്തപുരം, 04/02/2017

പരാമർശം:- കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 24.11.2016 ലെ കെ.എസ്സ്/ജെ/5644/2010 നമ്പർ കത്ത്:

## ഉത്തരവ്

സംസ്ഥാനത്ത് കുടുംബശ്രീയുടെ നേതൃത്വത്തിൽ വിവിധ ജില്ലകളിലായി പ്രവർത്തിക്കുന്ന 19 അപ്പാരൽ പാർക്കുകൾക്കും 1000 ഓളം ചെറുകിട തയ്യൽ യൂണിറ്റുകൾക്കും സമയബന്ധിതമായി യൂണിഫോം കോട്ടുകൾ തയ്ച്ചു നൽകാൻ കഴിയുമെന്നും കേരള സംസ്ഥാന ലോട്ടറി ക്ഷേമ ബോർഡിന്റെ കീഴിൽ ആവശ്യമുള്ള 2.5 കോടി രൂപയുടെ കോട്ടുകളുടെ തയ്യൽ വർക്കുകൾ ടി യൂണിറ്റുകൾക്ക് നേരിട്ടു നൽകുന്നതിന്, നിലവിൽ കുടുംബശ്രീയ്ക്ക് ടെണ്ടറില്ലാതെ വർക്കുകൾ ഏറ്റെടുക്കുന്നതിന് വ്യക്തമായ ഉത്തരവുകളൊന്നും തന്നെ ഇല്ലാത്തതിനാൽ വിവിധ വകുപ്പുകളിൽ നിന്നും ഇത്തരം ജോലികൾ ടെണ്ടറില്ലാതെ നേരിട്ട് കുടുംബശ്രീയുടെ അപ്പാരൽ യൂണിറ്റുകൾക്ക് ലഭ്യമാക്കുന്നതിനായി സ്റ്റോർസ് പർച്ചേസ് ചട്ടങ്ങളിലെ വ്യവസ്ഥകളിൽ ഇളവ് വരുത്തി നൽകണമെന്ന് കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ പരാമർശപ്രകാരം അഭ്യർത്ഥിച്ചിരിക്കുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. നിലവിലെ സാഹചര്യത്തിൽ ടെണ്ടറുകളിൽ പങ്കെടുക്കാൻ സാമ്പത്തിക കാരണങ്ങളാൽ സാധിക്കാത്ത കുടുംബശ്രീയ്ക്ക് ഇത്തരം വർക്കുകൾ നേരിട്ട് ലഭിക്കുന്നപക്ഷം, ആയത് സാധാരണ സ്ത്രീ സമൂഹത്തിന്റെ ഉന്നമനത്തിന് വളരെയധികം സഹായകരമാകും എന്ന വസ്തുത കണക്കിലെടുത്ത്, കുടുംബശ്രീയുടെ കീഴിൽ പ്രവർത്തിക്കുന്ന 19 അപ്പാരൽ പാർക്കുകൾക്കും 1000 ഓളം ചെറുകിട തയ്യൽ യൂണിറ്റുകൾക്കും വിവിധ സർക്കാർ വകുപ്പുകൾ, അർദ്ധ സർക്കാർ സ്ഥാപനങ്ങൾ, പൊതുമേഖലാ സ്ഥാപനങ്ങൾ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, സ്വാശ്രയ സ്ഥാപനങ്ങൾ മുതലായവയിൽ നിന്നും

തയ്യൽ സംബന്ധമായ വർക്കുകൾ ടെണ്ടർ നടപടികൾ പാലിക്കാതെ നേരിട്ട് ലഭിക്കുന്നതിനായി സ്റ്റോർസ് പർച്ചേസ് മാന്വലിലെ ഖണ്ഡിക 9.23 ൽ ഇളവ് വരുത്തി, ഈ സർക്കാർ ഉത്തരവിന്റെ തീയതി മുതൽ ഒരു വർഷത്തേയ്ക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

എല്ലാ സർക്കാർ വകുപ്പുകൾക്കും അർദ്ധ സർക്കാർ സ്ഥാപനങ്ങൾ, പൊതുമേഖലാ സ്ഥാപനങ്ങൾ. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, സ്വാശ്രയ സ്ഥാപനങ്ങൾ എന്നിവയ്ക്കും തയ്യൽ സംബന്ധമായ വിവിധ വർക്കുകൾ ടെണ്ടർ നടപടികൾ കൂടാതെ നേരിട്ട് ചെയ്തു ലഭിക്കുന്നതിനായി ടി ഇളവ് ബാധകമായ കാലയളവിൽ കുടുംബശ്രീയുടെ കീഴിലുള്ള അപ്പാരൽ പാർക്കുകളേയും ചെറുകിട യൂണിറ്റുകളേയും സമീപിക്കാവുന്നതാണ്.

ഗവർണറുടെ ഉത്തരവിൻ പ്രകാരം
പ്രദീപ്കുമാർ.സി.ജി.
അഡീഷണൽ സെക്രട്ടറി

സെക്രട്ടറി, നിയമസഭാ സെക്രട്ടേറിയറ്റ് (ആമുഖ കത്ത് സഹിതം).
എല്ലാ വകുപ്പ തലവൻമാർ/ഓഫീസുകൾ/പൊതുമേഖലാ സ്ഥാപനങ്ങൾ/തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ/സ്വാശ്രയ സ്ഥാപനങ്ങൾ മുതലായവയ്ക്ക്.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരളം, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരളം, തിരുവനന്തപുരം.
ഗ്രാമ വികസന കമ്മീഷണർ (എല്ലാ ബ്ലോക്ക് പഞ്ചായത്തുകളേയും അറിയിക്കുന്നതിന്).
എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും (എല്ലാ ഗ്രാമ പഞ്ചായത്തുകളേയും വിവരം അറിയിക്കുന്നതിന്).
എല്ലാ ജില്ലാ പഞ്ചായത്ത് സെക്രട്ടറിമാർക്കും.
റീജ്യണൽ പെർഫോർമൻസ് ഓഡിറ്റ് ഓഫീസർ, കൊല്ലം/എറണാകുളം/കോഴിക്കോട്.
പ്രിൻറിംഗ് ഡയറക്ടർ, ഗവൺമെന്റ് പ്രസ്സ്, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം).
എക്സിക്യൂട്ടീവ് ഓഫീസർ, "കുടുംബശ്രീ", ട്രിഡാ ബിൽഡിംഗ്, മെഡിക്കൽ കോളേജ്.പി.ഓ; തിരുവനന്തപുരം-695011.
തദ്ദേശ സ്വയംഭരണ (ഐ.എ) വകുപ്പ് (01.12.2016 ലെ LSGD-IA1/379/2016-LSGD നമ്പർ ഫയൽ പ്രകാരം).
സി-ഡിറ്റ്, ഗോർക്കി ഭവനം, വാൻറോസ്സ് ജംഗ്ഷൻ, തിരുവനന്തപുരം (സർക്കാർ ഉത്തരവ് സ്റ്റോർസ് പർച്ചേസ് വകുപ്പിന്റെ വെബ്സൈറ്റിൽ ചേർക്കുന്നതിന്).
വെബ്&ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്, തിരുവനന്തപുരം (സർക്കാർ ഉത്തരവ് സർക്കാർ വെബ്സൈറ്റിൽ ചേർക്കുന്നതിന്).
സെക്രട്ടേറിയറ്റിലെ നിയമം, ധനകാര്യം ഉൾപ്പെടെയുള്ള എല്ലാ വകുപ്പുകൾക്കും.
സ്റ്റോർസ് പർച്ചേസ് ( എ1,എ2,എ4, ബി, ഐ.ഡബ്ല്യു-I, & ഐ.ഡബ്ല്യു-II) വകുപ്പുകൾക്ക്.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
സെക്ഷൻ ഓഫീസർ